പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 178 — 07.03.2017 -ൽ മറുപടിക്ക്.

## ഭക്ഷ്യ ധാന്യത്തിന്റെ വാർഷിക വിഹിതം

ചോദ്യം

**ശ്രീ.ആർ. രാമചന്ദ്രൻ**
**ശ്രീ.ചിറ്റയം ഗോപകുമാർ**
**ശ്രീ.മുഹമ്മദ് മുഹസിൻ പി**
**ശ്രീമതി.സി.കെ. ആശ**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ നാലാം പട്ടിക അനുസരിച്ച് സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യ ധാന്യത്തിന്റെ വാർഷിക വിഹിതം നിശ്ചയിച്ചപ്പോൾ കേരളത്തിന് ലഭിച്ചു കൊണ്ടിരുന്ന അരി വിഹിതത്തേക്കാൾ ശരാശരി 2 ലക്ഷം ടൺ ധാന്യത്തിന്റെ കുറവ് വന്നത് അന്നത്തെ യു.ഡി.എഫ് സർക്കാരോ അന്നത്തെ കേരളീയരായ കേന്ദ്ര മന്ത്രിമാരോ കേന്ദ്ര ഭക്ഷ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) 2013-ൽ ഭക്ഷ്യ ഭദ്രതാ നിയമം ചർച്ച ചെയ്യുന്ന സമയത്തോ നടപ്പിലാക്കിയ അവസരത്തിലോ സംസ്ഥാനത്തിന്റെ ഉപഭോഗം കൂടുതലാണെന്ന് കാണിച്ച് നിയമത്തിന്റെ നാലാം പട്ടിക ഭേദഗതി ചെയ്യുന്നതിനും നിയമത്തിലെ സംസ്ഥാന വിരുദ്ധ നിലപാടുകൾ തിരുത്തുന്നതിനുമുള്ള അവസരം ഉപയോഗപ്പെടുത്താൻ മുൻ സർക്കാർ ശ്രമിച്ചിരുന്നോ ;

(സി) ഈ നിയമം മൂലം കേരളത്തിലെ റേഷൻ സംവിധാനത്തിൽ മിതമായ വിലയ്ക്ക് ധാന്യം ലഭിച്ചിരുന്ന എ.പി.എൽ. വിഭാഗത്തിന്റെ അവകാശങ്ങൾ ഏത് വിധത്തിലാണ് ഹനിക്കപ്പെട്ടത് എന്ന് വ്യക്തമാക്കുമോ?

(എ), (ബി) & (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ ആകെ ലഭ്യമാകുന്ന പ്രതിമാസ അലോട്ട്മെന്റ് 14.25 ലക്ഷം മെട്രിക് ടൺ ആണെന്ന് ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ ഷെഡ്യൂൾ 4 പ്രകാരം ഉറപ്പ് നല്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തെ ശരാശരി അലോട്ട്മെന്റ് 16.01 ലക്ഷം മെട്രിക് ടൺ ആണ്. എന്നാൽ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് പ്രതിവർഷം 1.76 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യത്തിന്റെ കുറവ് വരുന്നുണ്ട്. ടി കുറവ് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് മുൻ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരം അന്നത്തെ എം.പി.മാരുടെ യോഗത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മുൻഗണനേതര വിഭാഗങ്ങൾക്കുള്ള റേഷൻ വിതരണത്തെപ്പറ്റി ഭക്ഷ്യഭദ്രത നിയമത്തിൽ പ്രതിപാദിക്കുന്നില്ല. എങ്കിലും ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ മുൻഗണനേതര വിഭാഗങ്ങൾക്കാണ് നൽകിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) എ.പി.എൽ വിഭാഗങ്ങൾക്ക് അഡ്ഹോക്ക് വിഹിതമുൾപ്പടെ പ്രതിമാസം 68340 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ ലഭിച്ച സ്ഥാനത്ത് 2016 നവംബർ മുതൽ ഭക്ഷ്യ ഭദ്രത നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി 33294.198 മെ.ടൺ ഭക്ഷ്യധാന്യം മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ടി വിഹിതം എ.പി.എൽ വിഹിതം ലഭ്യമായിരുന്ന അതേ വിലയ്ക്കാണ് ലഭ്യമാകുന്നത്. തികച്ചും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഒരു ഭക്ഷ്യ കമ്മി

സംസ്ഥാനമെന്ന നിലയിൽ ഭക്ഷ്യ ഭദ്രത നിയമ പ്രകാരമുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനപരിശോധിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന് 14/08/2015 ലെ 1/Kerala/2015-NFSA നമ്പരിലുള്ള കേന്ദ്ര സർക്കാർ കത്തിൽ, 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ വിഹിത ത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാ നങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബി ച്ചിരിക്കുന്നതെന്നതിനാൽ കേരളത്തിനു മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് അറിയിച്ചി ട്ടുള്ളത്. കേരളത്തിനു കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം സംസ്ഥാനത്തിന് പര്യാപ്തമാണെന്നും ടി കത്തിൽ പറഞ്ഞിട്ടുണ്ട്. 2016 ജൂൺ വരെ അഡ്ഹോക് വിഹിതം ലഭ്യമായിരുന്നതിനാൽ എ.പി.എൽ വിഭാഗത്തിന്റെ വിതരണത്തിന് ബുദ്ധിമുട്ട് നേരിട്ടിരുന്നില്ല. എന്നാൽ NFSA പ്രകാരമുള്ള അലോട്ട്മെന്റ് ലഭ്യമായതു മുതലാണ് എ.പി.എൽ (മുൻഗണനേതര വിഭാഗങ്ങൾക്ക്) ന്റെ വിഹിതത്തെ ദോഷകരമായി ബാധിച്ചത്. ഭക്ഷ്യ വകുപ്പ് മന്ത്രി യുടേയും മുഖ്യമന്ത്രിയുടേയും നേരിട്ടുള്ള ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി OMSS/ഇക്കണോമിക് നിരക്കിൽ ഭക്ഷ്യധാന്യം അനുവദിക്കാമെന്ന് കേന്ദ്രം ഉറപ്പ് നല്കുകയുണ്ടായി.

(signature)
സെക്ഷൻ ഓഫീസർ